TUESDAY 08.08.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR | Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/08/2023.

1. സംസ്ഥാന കൃഷി വകുപ്പിന്റെ ഘടക പദ്ധതികളിൽ ഉൾപ്പെടുത്തി ചാവക്കാട് മേഖലയിലെ രാമച്ച കൃഷിക്ക് ആവശ്യമായ എല്ലാ സഹായങ്ങളും സർക്കാർ നൽകുമെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. പുന്നയൂർക്കുളം രാമച്ച കൃഷി സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. രാമച്ചത്തിൽ നിന്ന് മൂല്യ വർധന ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം നൽകുമെന്നും 10 ലക്ഷം രൂപ വരെയുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് 80 ശതമാനം തുക സർക്കാർ നൽകുമെന്നും മന്ത്രി അറിയിച്ചു.

2. സംസ്ഥാനത്ത് ഇപ്പോൾ കുളമ്പുരോഗബാധ 12 ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആകെ 1136 കന്നുകാലികളിൽ രോഗബാധ ഉണ്ടായിട്ടുണ്ട്. ഇതിൽ 14 ഉരുക്കൾ മരണപ്പെട്ടു. രോഗബാധ പടരുന്നത് തടയുന്നതിന്റെ ഭാഗമായി 5895 കന്നുകാലികൾക്ക് പ്രതിരോധ വാക്സിൻ നൽകി കഴിഞ്ഞു. രോഗബാധയുടെ പ്രഭവകേന്ദ്രത്തിന്റെ 5 കി.മി. ചുറ്റളവിൽ നിന്നും ഉള്ളിലേക്ക് 1 കി.മീ. വരെയുള്ള കന്നുകാലികൾക്കാണ് പ്രതിരോധ വാക്സിനേഷൻ നൽകി വരുന്നത്.

3. കാർഷിക സർവകലാശാല കാർഷിക കോളേജിൽ അസോസ്പൈറില്ലം, അസറ്റോബാക്ടർ റൈസോബിയം, മൈക്കോറൈസ, പി.എസ്.ബി തുടങ്ങിയ ജൈവ വളങ്ങളും ട്രൈക്കോഡർമ സ്യൂഡോമോണാസ് തുടങ്ങിയ ജൈവ കീടനാശിനികളും വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ:0487 2438674

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ 1 രൂപ ഒരു കൂർക്ക തലക്ക് എന്ന നിരക്കിൽ വില്പനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481

5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ മരത്തിന്റെ ശിഖരങ്ങൾ മുറിച്ചുമാറ്റിയ തടി കഷണങ്ങൾ ഈ മാസം 16 ന് പകൽ 11 മണിക്ക് ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ഏതെങ്കിലും കാരണവശാൽ ലേലദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

6. കേരള കാർഷിക സർവകലാശാലയുടെ കരമന നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിനുള്ള നെൽക്കതിർ (ചതുരശ്ര മീറ്ററിന് 100 രൂപ), കതിർക്കെട്ടുകൾ ('അയർ' - വലുപ്പം അനുസരിച്ച് 250 മുതൽ 2000 രൂപ വരെ) വില്പ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2343586ൽ ബന്ധപ്പെടുക.

7. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന/ മൃഗഡോക്ടറുടെ സേവനം കർഷകരുടെ വാതിൽപ്പടിയിൽ എന്ന പദ്ധതിയുടെ ഭാഗമായുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിൽ ഓരോ വാഹനത്തിലും ഒരു വെറ്ററിനറി സർജൻ, ഒരു പാരാവെറ്റ്, ഒരു ഡ്രൈവർ കം അറ്റന്റർ എന്നിവർ ഉണ്ടാകും. സർജറി ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാഹനത്തിൽ ലഭ്യമാണ്. ഇപ്പോൾ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സൗകര്യം ലഭ്യമാണ്. ഇത് സംസ്ഥാനത്ത് 127 ബ്ലോക്കുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു. ഈ സേവനം ലഭിക്കുന്നതിന് 1962 എന്ന ഹെൽപ്പ് ലൈൻ നമ്പറുള്ള കേന്ദ്രീകൃത കോൾ സെന്റർ നമ്പരിൽ കർഷകർ വിളിക്കേണ്ടതാണ്. കന്നുകാലി, ആട് എന്നിവയ്ക്ക് 450 രൂപയും അരുമ മൃഗങ്ങൾക്ക് 950 രൂപയും കൃത്രിമ ബീജദാനത്തിന് 50 രൂപയുമാണ് നിരക്ക്. ഇത് ഓൺലൈനായി അടയ്ക്കാവുന്നതാണ്.

**പരിശീലന പരിപാടി**

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ "സസ്യങ്ങളിലെ പ്രവർദ്ധന രീതികൾ ബഡ്ഡിങ്ങ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് " എന്ന വിഷയത്തിൽ ദ്വിദിന പ്രായോഗിക പരിശീലന പരിപാടി 2023, ആഗസ്റ്റ് 18,19 തീയ്യതികളിൽ സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 1,100/- രൂപ. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 2023 ആഗസ്റ്റ് 16-നു മുമ്പായി ഓഫീസ് പ്രവർത്തി സമയമായ രാവിലെ 10.00 മണി മുതൽ 05.00 മണി വരെയുള്ള സമയത്ത് ഈ നമ്പരിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ വച്ച് "അച്ചാർ നിർമ്മാണത്തിലൂടെ മൂല്യ വർദ്ധനവ്" എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക പരിശീലന പരിപാടി ഈ മാസം (11.08.2023) 11-ാം തീയ്യതി 10.00 മണി മുതൽ സംഘടിപ്പിക്കുന്നു. വിവിധതരം അച്ചാറുകളുടെ നിർമ്മാണവും അവ നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രിസർവേഷൻ, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയവയെ കുറിച്ചും ശാസ്ത്രീയമായി പഠിപ്പിക്കുന്നു. റജിസ്ട്രേഷൻ ഫീസ് 550/- രൂപ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ ആഗസ്റ്റ് 09 ന് മുമ്പായി ഓഫീസ് പ്രവർത്തി സമയങ്ങളിൽ ( 10.00 മുതൽ 05.00 മണി വരെ) ബന്ധപ്പെടുക.

10. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) 'മണ്ണ് സംരക്ഷണവും പരിപാലനവും' (Soil Health Management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2023 ഓഗസ്റ്റ് 8. കോഴ്സുകൾ 2023 ഓഗസ്റ്റ് 9ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ celkau@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 0487-2438567, 0487-2438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

11. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ ആഗസ്റ്റ് മാസം 9 ന് (09/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്. കേന്ദ്ര-കേരള സർക്കാരുകളുടെ വിവിധ ആടുവളർത്തൽ പദ്ധതികളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കർഷകർക്ക് ഈ പരിശീലനത്തിൽ പങ്കെടുത്ത് വൈദഗ്ദ്ധ്യവും നേടാവുന്നതാണ്.

**കാർഷിക നിർദ്ദേശം - ഏലം**

12. ഏലത്തിന്റെ അഴുകൽ രോഗത്തെ പ്രതിരോധിക്കാൻ ബോർഡോ മിശ്രിതം 500-1000മില്ലി ഒരു മൂടിന് എന്ന തോതിൽ തളിക്കണം. നിലവിലുള്ള തോട്ടങ്ങളിൽ നിന്നും ഉണങ്ങിയതും പഴകിയതുമായ തണ്ടുകളും പൂങ്കുലകളും നീക്കം ചെയ്യുക. കൂടാതെ വാർച്ചയ്ക്കാവശ്യമായ ചാലുകൾ വൃത്തിയാക്കുകയും ചെയ്യാം. തണ്ട്/പൂക്കുല തുരപ്പനെതിരെ ജാഗ്രത പാലിക്കുക. കടചീയൽ രോഗത്തെ ചെറുക്കുവാൻ ട്രൈക്കോഡേർമ, സ്യൂഡോമോണാസ് കൾച്ചറുകൾ ഉപയോഗിക്കുക.